## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് – ജീവനക്കാര്യം – സർക്കാർ കോളേജ് സുവോളജി വിഭാഗം അദ്ധ്യാപകരുടെ സ്ഥലം മാറ്റം – ഉത്തരവ് പുറപ്പെടുവിക്കുന്നു -

ഉത്തരവ് നം.എ1/21437/2015/കോ.വി.വ തീയതി : 27.07.2015

പരാമർശം :- 1) വിവിധ ഗവണ്മെന്റ് കോളേജ് അദ്ധ്യാപകരിൽ നിന്നും ലഭിച്ച അപേക്ഷകൾ.
2) ജി.ഒ.(സാധാ) നമ്പർ.1657/2015/ഉ.വി.വ തീയതി. 30.06.2015.

ഉത്തരവ്

വിവിധ സർക്കാർ കോളേജുകളിലെ സുവോളജി വിഭാഗം അദ്ധ്യാപകരിൽ നിന്നും സ്ഥലം മാറ്റത്തിനായി പരാമർശം (1) പ്രകാരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് ചുവടെ സൂചിപ്പിക്കുന്ന അദ്ധ്യാപകരെ അവരുടെ പേരിന് എതിരെ രേഖപ്പെടുത്തിയിരിക്കുന്ന സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | ജീവനക്കാരുടെ പേരും ജോലി ചെയ്യുന്ന സ്ഥാപനവും | സ്ഥലം മാറ്റി നിയമിക്കുന്ന സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീമതി.ഹൈസിൽ.ജെ.ബി, ശ്രീ നീലകണ്ഠ ഗവണ്മെന്റ് സംസ്കൃത കോളേജ്, പട്ടാമ്പി ( അപേക്ഷ) | കാര്യവട്ടം ഗവണ്മെന്റ് കോളേജിൽ ശ്രീ.എസ്.ഫൈസി പ്രിൻസിപ്പാളായി പ്രൊമോഷൻ ആയ ഒഴിവിൽ |
| 2 | ശ്രീ.പ്രകാശൻ.കെ, ഗവണ്മെന്റ് കോളേജ്, മടപ്പള്ളി (അപേക്ഷ). 05.05.2015-ലെ ജി.ഒ.(എം.എസ്).157/15/ഉ.വി.വ പ്രകാരമുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. | എറണാകുളം മഹാരാജാസ് കോളേജ്, എറണാകുളം ഡോ.എം.വി.ശ്യാമള പ്രിൻസിപ്പാളായി പ്രൊമോഷൻ ആയ ഒഴിവിൽ |
| 3 | ശ്രീ.ജനീഷ്.പി.എ, ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് (അപേക്ഷ). 05.05.2015-ലെ ജി.ഒ.(എം.എസ്).157/15/ഉ.വി.വ പ്രകാരമുള്ള സമ്മതപത്രം സമർപ്പിച്ചിട്ടുണ്ട്. | എറണാകുളം മഹാരാജാസ് കോളേജിൽ ഡോ.കെ.എൻ.വിജയകുമാരി പ്രിൻസിപ്പാളായി പ്രൊമോഷൻ ആയ ഒഴിവിൽ. |
| 4 | ശ്രീ.സുധീഷ് കുമാർ.റ്റി.കെ ഗവണ്മെന്റ് വിക്ടോറിയ കോളേജ്, പാലക്കാട് ( അപേക്ഷ) | മടപ്പള്ളി ഗവണ്മെന്റ് കോളേജിൽ ശ്രീ.പ്രകാശൻ.കെ-യ്ക്ക് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ |

സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർ, സ്ഥലം മാറ്റി നിയമിക്കപ്പെട്ട സ്ഥാപനങ്ങളിൽ പരമാവധി പത്ത് ദിവസത്തിനകം ജോയിൻ ചെയ്യേണ്ടതാണ്. ജോലിയിൽ പ്രവേശിച്ചതും വിടുതൽ ചെയ്തതുമായ വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. സ്ഥലം മാറ്റം ലഭിച്ച അദ്ധ്യാപകർക്ക് "ജോയിനിംഗ് ടൈമിന്" അർഹത ഉണ്ടായിരിക്കുന്നതല്ല.

സ്ഥാപന മേധാവികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള (www.collegiateedu.kerala.gov.in) ഈ ഉത്തരവ് ഡൌൺ ലോഡ് ചെയ്ത് അദ്ധ്യാപകരെ ജോലിയിൽ പ്രവേശിപ്പിക്കേണ്ടതും ജോലിയിൽ നിന്നും വിടുതൽ ചെയ്യിപ്പിക്കേണ്ടതുമാണ്.

ഒപ്പ്,
ഡോ.തോമസ് കുരുവിള,
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്
1) ബന്ധപ്പെട്ട പ്രിൻസിപ്പാൾ /അദ്ധ്യാപകർ.
2) അക്കൌണ്ടന്റ് ജനറൽ (എ & ഇ), കോട്ടയം
3) കരുതൽ ഫയൽ / നടപ്പു ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എസ്.വി. 27.07.2015